**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1366** **06-02-2020 ൽ മറുപടിക്ക്**

**ലാൻഡ് ബാങ്കിൽ നിക്ഷേപിക്കുന്ന ഭൂമി**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതും അതാത് വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമികളെല്ലാം ഒരു ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇല്ല. ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, 25.06.2018 ലെ സ.ഉ (എം.എസ്) നം. 236/2018/റവ നം. സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) ൽ സംയോജിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | റവന്യൂ ഭൂമി ഒഴികെ വകുപ്പുകൾക്ക് ആവശ്യമില്ലാത്ത ഭൂമി മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകുന്ന കാര്യത്തിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപ പത്രം (NOC), ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനപത്രത്തോടൊപ്പം സമർപ്പിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത/ സ്വയാർജ്ജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടു നൽകേണ്ട കേസുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ ശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നൽകാൻ സാധിക്കുകയുള്ളൂ. നിയമപരമായ ടി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ഉണ്ടാകാറുള്ള ചെറിയ തോതിലുള്ള കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (സി) | അതാത് വകുപ്പുകൾക്ക് ആവശ്യമില്ലാത്ത ഇത്തരം ഭൂമികൾ ഒരു ലാന്റ് ബാങ്കിൽ നിക്ഷേപിച്ച് അവയുടെ ഉപയോഗാവകാശം ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകൾക്ക് കൈമാറുന്നതിന് ജില്ലാതല വകുപ്പ് തലവൻമാരുടെ ഒരു സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകുമോ? | (സി) | 25.06.2018 ലെ സ.ഉ (എം.എസ്) നം. 236/2018/റവ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) വഴി എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്ന രീതിയിലുള്ള ഒരു ക്രമീകരണമാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**